## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2899 12-10-2011-ലെ മറുപടിക്ക്

## കുട്ടനാട് കാർഷിക പാക്കേജ് പദ്ധതികൾക്ക്

## ഭരണാനുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) കുട്ടനാട് കാർഷിക പാക്കേജിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ചവയിൽ ഏതെല്ലാം പദ്ധതികളാണ് നിർമ്മാണം ആരംഭിച്ചത്;

(എ) &(ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി നടപ്പിലാക്കി വരുന്നു.

1 ഗുണനിലവാരമുള്ള വിത്തുകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുക.
2 കാർഷിക യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുക.
3 ഉത്പാദന ശേഷി കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുക.
4 ഗവേഷണം ശക്തിപ്പെടുത്തുക.
5 അത്യുൽപാദന ശേഷിയുള്ള ആടുകളുടേയും പശുക്കളുടേയും വിതരണം.
6 മത്സ്യകുഞ്ഞുങ്ങളുടേയും കൊഞ്ചു കുഞ്ഞുങ്ങളുടേയും വിതരണം.
7 പോള നീക്കം ചെയ്യൽ

| | | | |
|---|---|---|---|
| (സി) | ഇനി ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിക്കുവാനുള്ളത്; അനുമതി ലഭിക്കുവാനുള്ള പ്രോജക്ടുകൾ ഇപ്പോൾ ഏതു ഓഫീസിലാണ് ഉള്ളത്; | (സി) | തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണം, ജലസേന വകുപ്പിന്റെ 1387 കോടി രൂപയുടെ (Phase III) പദ്ധതി എന്നിവയ്ക്കാണ് ഭരണാനുമതി ലഭിക്കാനുള്ളത്. IITചെന്നെയും CWRDM കോഴിക്കോടും സമർപ്പിച്ച പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തോട്ടപ്പള്ളി സ്പിൽവേയുടെ ഡി.പി. ആറുകളുടെ തയ്യാറാക്കൽ പുരോഗമിച്ചു വരുന്നു. ജലസേചന വകുപ്പു കേന്ദ്ര സർക്കാരിനു സമർപ്പിച്ച (Phase III)പദ്ധതി നിലവിൽ ഡൽഹിയിലെ സെൻട്രൽ വാട്ടർ കമ്മീഷൻ ഓഫീസിലാണ്. |
| (ഡി) | അനുമതി ലഭിക്കാനുള്ള കാലതാമസം എന്താണ്; എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഡി) | ടി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | ജനപ്രതിനിധികൾ അറിയാതെ പാക്കേജുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾ വിതരണം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (ഇ) & (എഫ്) | ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (എഫ്) | എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇങ്ങനെ വിതരണം ചെയ്തതെന്ന് വ്യക്തമാക്കുമോ; | | |
| (ജി) | അമ്പലപ്പുഴ മണ്ഡലത്തിലെ കുട്ടനാട് കാർഷിക പാക്കേജ് പ്രകാരം ആരംഭിച്ച പ്രവർത്തനങ്ങൾ എത്ര ദിവസത്തിനകം പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കുമോ ? | (ജി) | നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ